# മതനിരാസ മനസ്സിന്റെ വിഭ്രാന്തികൾ

■ *"…. സിനിമാ തിയേറ്ററുകൾക്കു നിരോധമേർപ്പെടുത്തിയും സ്ത്രീകളെ അടിമകളെ പോലെ പർദയണിയിച്ചും കുട്ടികളെ മദ്റസയിലേക്ക് നയിച്ചും സമൂഹത്തെ വിഭജിക്കാൻ നടത്തുന്ന ശ്രമങ്ങൾക്ക് ഏറ്റവും വിഷലിപ്തമായ സംഭാവന നൽകിക്കൊണ്ടിരിക്കുന്നത് ഈയിടെ പൊട്ടിമുളച്ച സോളിഡാരിറ്റി എന്ന സംഘടനയാണ്. എൻ.ഡി.എഫ് അടക്കമുള്ള വർഗീയ സംഘടനകൾക്ക് പറ്റിയ പാളിച്ച സൂക്ഷ്മമായി പഠിച്ച്, അതിൽനിന്നു പാഠമുൾക്കൊണ്ട് കുറേക്കൂടി ബുദ്ധിപരമായാണ് സോളിഡാരിറ്റി ഓരോ ചുവടും മുന്നോട്ടുവെക്കുന്നത്.*
*……… കൊച്ചിയിലും മലബാറിലും ചെങ്ങറ അടക്കം തെക്കൻ ജില്ലകളിലും നടക്കുന്ന പുത്തൻ വികസനനയങ്ങൾക്കെതിരായ പ്രാദേശിക ജനതകളുടെ സമരങ്ങളെ അവരിൽനിന്നും ഹൈജാക്ക് ചെയ്യുകയും പൊതുസമൂഹത്തിന് ഏറ്റെടുക്കാൻ കഴിയാത്തവിധം വിഭാഗീയവത്കരിക്കുകയും ചെയ്തത് ഈ സംഘടനയുടെ സാന്നിധ്യമാണ്. ഇസ്ലാം എന്നതിനെ ഒരുതരം പ്രതിലോമകരമായ മൗലികവാദമായി കൊണ്ടുനടക്കുന്ന 'സഖാക്കൾ'ക്ക് പരലോക പ്രാപ്തിക്കുള്ള ഇടവേള മാത്രമാണ് ഇത്തരം സമരങ്ങൾ. മതാതീതമായ സുന്ദര മുദ്രാവാക്യങ്ങളുപയോഗിച്ച് നുഴഞ്ഞുകയറി മതത്തിന്റെ സങ്കുചിത അജണ്ടകളിലേക്ക് സമരത്തെ ചുരുക്കിക്കൊണ്ടുവരാനാണ് ഇവരുടെ ശ്രമം. ബുദ്ധിശൂന്യതയെന്നു കരുതി നിസ്സാരവത്കരിക്കാൻ കഴിയുന്നതല്ല ഈ കുടിലത. അത് ചൂഷക വർഗം മനഃപൂർവം ഉപയോഗിക്കുന്നതാണ്. എരയാംകുടിയിലെ വിത്തിറക്കൽ സമരത്തിലും ചെങ്ങറ പ്രക്ഷോഭത്തിലും സോളിഡാരിറ്റിക്കൊപ്പം ബി.ജെ.പിയും മലയാള മനോരമയും സഭകളും സാറാ ജോസഫും സുഗതകുമാരിയുമെല്ലാം അണിചേരുന്നത് യാദൃഛികമല്ല" (മാതൃഭൂമി ആഴ്ചപ്പതിപ്പ് 2009 ആഗസ്റ്റ് 16, കെ. ബ്രഹ്മദത്തന്റെ 'ബന്ധങ്ങളുടെ അതിരില്ലാത്ത സ്വാതന്ത്ര്യം', പേജ് 12).*
*മുജീബിന്റെ പ്രതികരണം?*

***പി. അബ്ദുൽ ഷുക്കൂർ ഇരിങ്ങാട്ടിരി***

**മ**നുഷ്യ സമൂഹം യുഗാന്തരങ്ങളിലൂടെ പരിരക്ഷിച്ചുവരുന്ന ധാർമിക, നൈതിക, സദാചാര മൂല്യങ്ങളെയാകെ ചോദ്യം ചെയ്തും, മദ്യവും മയക്കുമരുന്നും ലൈംഗിക അരാജകത്വവും ചൂതാട്ടവും ഇതിനെല്ലാം അനുപേക്ഷ്യമായ അവിഹിത ധനസമ്പാദനവുമാണ് സുഖജീവിതമെന്നും ധരിച്ചുവശായ ഒരു സമൂഹത്തെ മുതലാളിത്ത സംസ്കൃതി ലോകത്താകെ വളർത്തിയെടുത്തിട്ടുണ്ട്. യുക്തിവാദികളെന്നും മതേതരവാദികളെന്നും പുരോഗമനവാദികളെന്നുമൊക്കെ തരംപോലെ അവകാശപ്പെടുന്ന ഇക്കൂട്ടർ ഒളിഞ്ഞും തെളിഞ്ഞും മാധ്യമമേഖലയിൽ നുഴഞ്ഞുകയറിയിരിക്കുന്നു. സിനിമയെ സകലമാന വഷളത്തങ്ങളുടെയും കൂത്തരങ്ങാക്കി മാറ്റിയത് അവ

രാണ്. സ്പോർട്സ് രംഗം പോലും ഈ അരാജകത്വവാദികളുടെ കൈയേറ്റങ്ങളിൽനിന്ന് മുക്തമല്ല. സ്ത്രീയെന്നാൽ ഉടുതുണിയില്ലാതെ ഉറഞ്ഞുതുള്ളുന്നവളാണെന്ന് പർദാവിരോധത്തിന്റെ മറവിൽ സ്ഥാപിച്ചെടുക്കാനും ഇക്കൂട്ടർ ആവുംവിധം ശ്രമിക്കുന്നുണ്ട്. വേശ്യകൾക്കവർ മാന്യത നൽകി ലൈംഗിക തൊഴിലാളികളാക്കുക മാത്രമല്ല അഭിസാരികകളുടെ ആത്മകഥകൾ പാഠപുസ്തകമാക്കുക കൂടി ചെയ്യുന്നു. സ്വവർഗരതി പോലുള്ള അറുവഷളൻ ചെയ്തികൾക്ക് സമൂഹത്തിന്റെ അംഗീകാരം നേടിക്കൊടുക്കാനുള്ള വ്യഗ്രതയിലാണിപ്പോൾ. വിവാഹമെന്നാൽ ബന്ധനവും അടിമത്തവുമാണെന്നും കൂട്ടുകുടുംബക്രമം പാരതന്ത്ര്യമാണെന്നും യുവതയെ തെറ്റായി ബോധവത്കരിച്ചത് ഇവരാണ്. വൃദ്ധ മാതാപിതാക്കൾക്ക് സ്നേഹവും പരിചരണവും തിരിച്ചുനൽകുന്നതിനു പകരം അവരെ വൃദ്ധസദനങ്ങളിലേൽപിച്ച് മക്കൾ അടിപൊളി ജീവിതം നയിക്കുന്നതാണ് പരിഷ്കാരമെന്ന ദുർബോധനവും ഇത്തരക്കാരുടെ വകയാണ്. ഇതിന്റെയൊക്കെ ഫലമായി സുഖലോലുപരും ഭീരുക്കളും വിപ്ലവവീര്യം നശിച്ചവരുമായ ഒരു യുവസമൂഹം ലോകത്താകെയും ഇന്ത്യയിലും സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. അഴിമതിക്കും ചൂഷണത്തിനും അധാർമികതക്കുമെതിരെ പൊരുതാനുള്ള മനസ്സോ ശേഷിയോ അവർക്കില്ല. ദലിത്, ആദിവാസി, പിന്നാക്ക, ന്യൂനപക്ഷ, പ്രാന്തവത്കൃത വർഗങ്ങൾക്ക് വേണ്ടി ശബ്ദിക്കാനോ വിയർക്കാനോ അവർക്ക് നേരമില്ല.

ഈ ഘനാന്ധകാരത്തിലാണ് കേരളത്തിൽ ആദർശ ധാർമിക യുവജന പ്രസ്ഥാനമായ സോളിഡാരിറ്റിയുടെ പിറവി. സ്ത്രീ-പുരുഷ ലിംഗഭേദം കൂടാതെ സർവ മനുഷ്യർക്കും തുല്യനീതിയും അവസരസമത്വവും ഉറപ്പാക്കുകയാണ് അതിന്റെ ലക്ഷ്യം. സ്ത്രീയെ വിൽപനച്ചരക്കും പ്രദർശനവസ്തുവുമാക്കിക്കൊണ്ട് അവളുടെ മോചനം സാധ്യമാണെന്ന് സോളിഡാരിറ്റി കരുതുന്നില്ല. മാന്യമായ വസ്ത്രധാരണവും അച്ചടക്ക പൂർണമായ ജീവിതവുമാണ് സ്ത്രീക്ക് മാന്യതയും ചാരിത്ര്യവും സ്നേഹമസൃണമായ ദാമ്പത്യവും പവിത്ര മാതൃത്വവും ഉറപ്പാക്കുകയെന്ന് സോളിഡാരിറ്റി തിരിച്ചറിഞ്ഞിട്ടുണ്ട്. അവളെ അടുക്കളയുടെ നാല് ഭിത്തികൾക്കകത്ത് തളച്ചിടുന്ന പൗരോഹിത്യവും ബാറുകളിലും ക്ലബ്ബുകളിലും ഉടയാട അഴിച്ചുതുള്ളിക്കുന്ന പുരോഗമനവും ഒരുപോലെ സ്ത്രീവിരുദ്ധമാണ്. അതേസമയം ധാർമികവത്കരണത്തിന്റെ വഴി ഭീഷണിയോ ഹിംസയോ ഊരുവിലക്കോ ആണെന്ന് സോളിഡാരിറ്റി സമ്മതിക്കുന്നില്ല. ശക്തവും വ്യാപകവുമായ ബോധവത്കരണമാണ് തെരഞ്ഞെടുത്ത വഴി. അതിൽ സാധ്യമായവരെയൊക്കെ സഹകരിപ്പിക്കുന്നു. ഒരു തിയേറ്ററും അടപ്പിക്കാനോ വിലക്കാനോ സംഘടന ശ്രമിച്ച സംഭവമില്ല. കുട്ടികളെ കാലാകാലങ്ങളിൽ മദ്റസകളിലേക്കയക്കുന്ന മുസ്‌ലിം രക്ഷിതാക്കൾ തലമുറകളുടെ മതബോധനവും ധാർമിക സംസ്കരണവുമാണ് ലക്ഷ്യമിടുന്നത്. ജനാധിപത്യ ഭരണഘടന ഉറപ്പാക്കിയ മൗലികാവകാശമാണത്. അസഹിഷ്ണുക്കൾക്ക് രോഷം പ്രകടിപ്പിക്കാനും ജനാധിപത്യം അവസരമൊരുക്കുന്നുണ്ടല്ലോ. അവരുടെ ഇംഗിതങ്ങൾക്ക് പക്ഷേ ജനാധിപത്യ സർക്കാർ വഴങ്ങിയാൽ എന്ത് സംഭവിക്കുമെന്ന് സർക്കാറിനെ നയിക്കുന്ന പാർട്ടികൾക്ക് നന്നായറിയാം. മദ്റസ വിരോധികൾക്ക് കഴിയുമെങ്കിൽ ഫാഷിസ്റ്റുകളെ അധികാരത്തിലേറ്റട്ടെ. അധഃസ്ഥിത ജനവിഭാഗങ്ങൾക്ക് വേണ്ടിയുള്ള പോരാട്ടം ആരുടെയും കുത്തകയല്ല, അപ്പണി ഒരു കൂട്ടർക്കായി സംവരണം ചെയ്തുവെച്ചിട്ടുമില്ല. പോരാട്ട രംഗത്തുണ്ടായിരുന്നവർ സ്ഥാപിതതാൽപര്യങ്ങൾക്ക് വേണ്ടി പിന്മാറിയെങ്കിൽ അതിനു കാരണക്കാർ ഇസ്‌ലാമിനെ വിമോചനത്തിന്റെ പ്രത്യയശാസ്ത്രമായി അവതരിപ്പിക്കുന്നവരല്ല. ഇസ്‌ലാം എന്താണെന്ന് പഠിക്കാൻ മിനക്കെടാതെ സാമ്പ്രദായിക മതസങ്കുചിത സങ്കൽപവുമായി ഇസ്‌ലാമിനെതിരെ തൂലികയേന്തുന്നവർ സ്വയം

തെറ്റിരുത്തുകയല്ലാതെ സോളിഡാരിറ്റി സമരപാതയിൽനിന്ന് പിന്തിരിയുന്ന പ്രശ്നമേയില്ല. ചെങ്ങറ സമരം വിജയിപ്പിച്ചത് *മനോരമയോ* ബി.ജെ.പിയോ അല്ല; സോളിഡാരിറ്റിയും മനുഷ്യാവകാശ പ്രസ്ഥാനങ്ങളുമാണെന്ന് സമരം ചെയ്തവർക്കറിയാം. അതിൽ അസൂയപൂണ്ടവർ നൈരാശ്യം കരഞ്ഞുതീർക്കട്ടെ!

## വാലു മുറിഞ്ഞവരുടെ രോദനം

■ *"....സകാത്തും ഫിത്വ്ർ സകാത്തും സ്വന്തമായി വിതരണം ചെയ്യലാണ് ഏറ്റവും ശ്രേഷ്ഠത. വക്കാലത്തിന്റെ ഉപാധികളോടെ മറ്റൊരാളെ ഏൽപിക്കാവുന്നതുമാണ്. ഇസ്ലാമിക ഭരണകൂടത്തിൽ ഉത്തരവാദപ്പെട്ടവരെ ഏൽപിക്കാം. എന്നാൽ 'സകാത്ത് കമ്മിറ്റി' എന്ന തട്ടിപ്പ് സംഘത്തിന് നൽകിയാൽ സകാത്ത് വീടുകയില്ലെന്ന് മാത്രമല്ല കുറ്റകരവുമാണ്. അവർ വക്കീലിന്റെ പരിധിയിൽ പെടുകയുമില്ല. ഏൽപിക്കപ്പെടുന്നവർ നിശ്ചിത വ്യക്തിയായിരിക്കണമെന്ന ഇസ്ലാമിക വീക്ഷണംതന്നെ ഒരു കാരണം.*

*സകാത്തിന്റെ ഉദ്യോഗസ്ഥർ ഇപ്പോൾ ഇല്ലാത്തതിനാൽ ആ ഒരു വിഭാഗത്തെ ഉണ്ടാക്കലാണെന്ന ബാലിശമായ വാദം വിവരക്കേടാണ്. ഒരു നാട്ടിൽ ദരിദ്രനില്ലെങ്കിൽ പെരുന്നാൾ രാത്രി ഏതെങ്കിലും മുതലാളിയെ കൊള്ളയടിച്ച് ദരിദ്രനാക്കണോ? യാത്രക്കാരനില്ലെങ്കിൽ ഏതെങ്കിലുമാളെ ശട്ടംകെട്ടി യാത്രക്കാരനാക്കണമോ? പുതുമുസ്ലിമില്ലെങ്കിൽ ഏതെങ്കിലും ഒരു അമുസ്ലിമിനെ പിടിച്ച് നിർബന്ധ മതപരിവർത്തനം നടത്തണമോ? അവകാശികളിൽ എത്തിക്കപ്പെട്ടവർക്ക് എന്ന കർമശാസ്ത്ര പ്രയോഗംതന്നെ ഇവർക്ക് തിരിച്ചടിയാണ്. കമ്മിറ്റി മുഖേനയുള്ള വിതരണത്തിൽ കൊടുത്തയാളുടെ സകാത്ത് തന്നെ തിരിച്ചുവരുന്ന ഭീമാബദ്ധം സംഭവിക്കാവുന്നതാണ്. കാരണം കൊടുക്കാനർഹതപ്പെട്ടവർ തന്നെ വാങ്ങാനും അവകാശികളാകാമല്ലോ? ഇങ്ങനെ പലതും സംഭവിക്കുന്നതുകൊണ്ടാണ് കമ്മിറ്റിയെ ഏൽപിക്കൽ കുറ്റകരം എന്നു പറയുന്നത്. ഗൾഫിലെ പുത്തൻ പ്രസ്ഥാനക്കാർ ഫിത്വ്ർ സകാത്തിന് മുഖ്യാഹാരത്തിനു പകരം അതിന്റെ വില വാങ്ങുന്നതായി കാണുന്നു. അത് ശരിയല്ല..."*

*സകാത്തും ഫിത്വ്ർസകാത്തും സംഘടിതമായി ശേഖരിച്ച് വിതരണം ചെയ്യുന്നതിനെതിരെ ഗൾഫിൽ ചില പ്രസ്ഥാനങ്ങൾ വിതരണം ചെയ്യുന്ന നോട്ടീസിലെ ഭാഗങ്ങളാണ് മുകളിലുദ്ധരിച്ചത്. മദ്ഹബീ വിഷയത്തിൽ വിശാലത കാണിക്കുന്നവരെ കണക്കിന് കളിയാക്കി, ശാഫിഈ മദ്ഹബുകാർ ഒന്നിക്കണമെന്നുവരെ വാദിച്ചുകൊണ്ടുള്ള ഇത്തരം വീക്ഷണങ്ങളോടുള്ള മുജീബിന്റെ പ്രതികരണം?*

***കെ.പി കവ്വായി ഒമാൻ***

**സ**കാത്തും ഫിത്വ്ർസകാത്തും സാമൂഹികക്ഷേമം ലക്ഷ്യമാക്കി ഇസ്ലാം വിജയകരമായി നടപ്പാക്കിയ ആരാധനാ കർമങ്ങളാണ്. മദീനയിൽ പ്രഥമ ഇസ്ലാമിക സ്റ്റേറ്റ് സ്ഥാപിച്ച ശേഷമാണ് പ്രവാചകൻ (സ)അല്ലാഹുവിന്റെ കൽപന പ്രകാരം സകാത്ത് നിർബന്ധമാക്കിയതും അത് പിരിച്ചെടുത്ത് അർഹർക്കിടയിൽ വിതരണം ചെയ്യാൻ ഏർപ്പാടുകൾ ചെയ്തതും. ഈ ഏർപ്പാടിന് മാത്രമായി സകാത്തിൽ ഒരു വിഹിതവും നീക്കിവെച്ചു. നബി(സ)യുടെ വിയോഗത്തെ തുടർന്ന് സകാത്ത് പൊതു ഖജനാവിലേക്ക് അടക്കാൻ വിസമ്മതിച്ച ഗോത്രവർഗങ്ങളോട് യുദ്ധം ചെയ്തതാണ് ഒന്നാം ഖലീഫ അബൂബക്കറി(റ)ന്റെ മാതൃക. ഖിലാഫത്ത് ലോകത്ത് നിലനിന്ന കാലമത്രയും സർക്കാർതലത്തിൽതന്നെ സകാത്തിന്റെ സംഭരണവും നടന്നു. ഈ അനിഷേധ്യ സത്യത്തെയാകെ 'ഇസ്ലാമിക ഭരണകൂടത്തിൽ ഉത്തരവാദപ്പെട്ടവരെ ഏൽപിക്കാം' എന്ന ഒറ്റവാചകത്തിൽ ചുരുക്കിക്കെട്ടുന്നവർ സമുദായത്തെ കബ

ളിപ്പിക്കുകയാണ്. ഏൽപിക്കാമെന്നല്ല ഏൽപിക്കണം, ഇല്ലെങ്കിൽ പിടിച്ചെടുക്കും എന്നാണ് ഇസ്‌ലാമിന്റെ ശാസന. ഖിലാഫത്ത് തകർന്ന ശേഷം ജുമുഅയോ ജമാഅത്ത് നമസ്കാരമോ മാസപ്പിറവി നിർണയമോ ഒന്നും സംഘടിതമായി വേണ്ടെന്ന് സമുദായം വെച്ചിട്ടില്ലെങ്കിൽ അതിപ്രധാനമായ സകാത്ത് മാത്രം വ്യക്തിപരമാക്കിയതിന് ന്യായമോ നീതീകരണമോ ഇല്ല. പൗരോഹിത്യത്തിന്റെ കണ്ടുപിടുത്തവും മുതലാളിത്ത സേവയുമാണ് സകാത്തിന്റെ സ്വകാര്യവത്കരണം. തെണ്ടികളെയും യാചകരെയും വ്യാജ പിരിവുകാരെയും സൃഷ്ടിക്കാൻ മാത്രം ഉതകുന്ന സകാത്ത് വ്യക്തിവത്കരണം എത്രയും വേഗം അവസാനിപ്പിക്കേണ്ടത് സമുദായത്തിന്റെ സാമൂഹിക ബാധ്യതയാണ്.

ഇത് തിരിച്ചറിഞ്ഞവരാണ് മുസ്‌ലിംലോകത്തുടനീളം സകാത്ത് സംഭരണ-വിതരണത്തിന് സാമൂഹിക സംവിധാനം ഏർപ്പെടുത്തിയത്. അത്രയളവിൽ അത് വിജയിച്ചിട്ടുമുണ്ട്. യാഥാസ്ഥിതിക മതനേതൃത്വത്തിന്റെ ദുർബോധനങ്ങളെ ഇക്കാര്യത്തിലെങ്കിലും നിരാകരിക്കുന്നവരാണ് സമുദായത്തിൽ വലിയൊരു വിഭാഗം. ഇതിൽ അങ്കലാപ്പിലായവരുടേതാണ് ചോദ്യകർത്താവ് ഉദ്ധരിച്ച നോട്ടീസും അതുപോലുള്ള വാറോലകളും. സകാത്ത് കമ്മിറ്റികൾക്ക് ആരും സകാത്ത് കൊടുക്കുന്നില്ല. സത്യസന്ധതയും ഓഡിറ്റിംഗും ഉറപ്പുവരുത്തിയ കമ്മിറ്റികളെ അവകാശികൾക്കിടയിൽ വിതരണം ചെയ്യാൻ സകാത്ത് ഏൽപിക്കുക മാത്രമാണ് ദായകർ ചെയ്യുന്നത്. അത് തെറ്റാണെന്ന് പറയാൻ ഖുർആനോ ഹദീസോ മദ്ഹബ് ഇമാമുകൾ പോലുമോ തെളിവ് നൽകുന്നില്ല. കേരളത്തിലെ സമസ്തക്കാരെ തെറ്റ് തിരുത്താൻ പ്രേരിപ്പിക്കുകയാണ് നേരാംവണ്ണം ചിന്തിക്കുന്ന അനുയായികൾ ചെയ്യേണ്ടത്. ഫിത്വ്ർ സകാത്ത് മുഖ്യാഹാര വസ്തുവാക്കി നൽകാനുള്ള സൗകര്യത്തിനാണ് വില നിർണയിച്ച് സംഖ്യ സമാഹരിക്കുന്നത്. ഗുണഭോക്താക്കൾക്ക് ലഭിക്കുക പണമല്ല, ആഹാര വസ്തുക്കൾ തന്നെയാണ്. ഇതും ഉത്തരവാദപ്പെട്ട പണ്ഡിതസഭകൾ വിലക്കിയിട്ടില്ല. സുന്നത്തുകളെ പരമാവധി നിരുത്സാഹപ്പെടുത്തുകയും ലൈലത്തുൽ ഖദ്ർ റോഡ്ഷോ പോലുള്ള ബിദ്അത്തുകളെ ആവോളം വളർത്തുകയും ചെയ്യുന്ന പ്രതിലോമകാരികളെ സമൂഹം തിരിച്ചറിയാൻ സമയം വൈകി.

## ജമാഅത്തിൽ വിഭാഗീയത?

■ മാധ്യമം *പത്രത്തിന്റെ തൃശൂർ യൂനിറ്റ് ഉദ്ഘാടന ചടങ്ങുമായി ബന്ധപ്പെട്ട്* ചന്ദ്രിക *ദിനപത്രത്തിൽ വന്ന ഒന്നിലധികം വാർത്തകളിൽ ജമാഅത്തെ ഇസ്‌ലാമിയിൽ വിഭാഗീയത കണ്ടെത്തിയിരിക്കുന്നു. സത്യമെന്താണ്?*

***സി.പി അൻവർ സാദാത്ത് രിയാദ്***

***ചന്ദ്രിക***യിൽ ജമാഅത്തെ ഇസ്‌ലാമി പലതവണ പിളർന്നതാണ്. വീണ്ടും വിഭാഗീയതയും പിളർപ്പും കണ്ടുപിടിക്കാൻ സൂക്ഷ്മദർശിനി ഉപയോഗിക്കേണ്ടിവരുന്നുവെങ്കിൽ മുൻ വാർത്തകൾ എത്രത്തോളം വാസ്തവമായിരുന്നുവെന്ന് ഊഹിക്കാവുന്നതേയുള്ളൂ. *മാധ്യമം* സ്വതന്ത്ര സ്ഥാപനമാണ്. അതങ്ങനെ ആക്കിയത് ജമാഅത്തെ ഇസ്‌ലാമിയുമാണ്. അതിന്റെ ഓരോ വിശദാംശങ്ങളിലും ജമാഅത്ത് ഇടപെടാറില്ല. എല്ലാ സ്ഥാപനങ്ങളിലുമെന്ന പോലെ *മാധ്യമ*ത്തിലും പാകപ്പിഴവുകളോ അബദ്ധങ്ങളോ സംഭവിക്കുക സ്വാഭാവികമാണ്. തിരുത്താൻ അതിന്റേതായ മെക്കാനിസമുണ്ട്. ദുഷ്പ്രചാരണത്തിന് സമയം കളയുന്നവർ പകുതി നേരമെങ്കിലും സ്വന്തം തൊഴുത്ത് വൃത്തിയാക്കാൻ ഉപയോഗിച്ചിരുന്നെങ്കിൽ സ്ഥിതി ഇന്നത്തെ പരുവത്തിലെത്തുമായിരുന്നില്ല. ■